# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2016 ഒക്ടോബർ 21, വെള്ളി

**നമ്പർ. 28**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു .

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ നറുക്കെടുപ്പ് ഫലത്തെ ആധാരമാക്കിയുള്ള ചൂതാട്ടം സംസ്ഥാനത്ത് പല ഭാഗങ്ങളിലും നടക്കുന്നുവെന്നും ഇത് ലോട്ടറി മാഫിയയ്ക്ക് കേരളത്തിലേക്ക് കടന്നുവരാൻ അവസരമുണ്ടാക്കുന്നുവെന്നും പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. വി. ഡി. സതീശനും മറ്റ് രണ്ടംഗങ്ങളും ഒരു അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ശ്രദ്ധ ക്ഷണിക്കൽ:

(1) സംസ്ഥാനത്തെ ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പിന്നോക്കാവസ്ഥയിലേക്ക് ശ്രീ. ജോൺ ഫെർണാണ്ടസ് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനം അഭിമുഖീകരിക്കുവാൻ ഇടയുള്ള കുടിവെള്ള ദൗർലഭ്യം നേരിടുന്നതിന് മുന്നൊരുക്കങ്ങൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എൽദോസ് കുന്നപ്പിള്ളി ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരം സഭയിൽ ഉന്നയിച്ച വിഷയങ്ങൾ:

ചട്ടം 304 പ്രകാരം അംഗങ്ങൾ താഴെപ്പറയുന്ന വിഷയങ്ങൾ ഉന്നയിച്ചു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. രമേശ് ചെന്നിത്തല | കുട്ടനാടൻ പാടശേഖരങ്ങളിലെ മുഞ്ഞരോഗബാധയും കരിനില മേഖലകളിലെ ഇലപ്പുള്ളി രോഗവും സംബന്ധിച്ച് | കൃഷി വകുപ്പുമന്ത്രി |
| 2 | ശ്രീമതി പി. അയിഷാ പോറ്റി | കുടിവെള്ള പദ്ധതികൾ കൂടുതൽ പ്രവർത്തനക്ഷമമാക്കുന്നത് സംബന്ധിച്ച് | ജലവിഭവ വകുപ്പുമന്ത്രി |
| 3 | ശ്രീ. വി. പി. സജീന്ദ്രൻ | പെരിയാർ വാലി കനാലിൽ വെള്ളം തുറന്നു വിടുന്നത് സംബന്ധിച്ച് | ജലവിഭവ വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ.കെ. രാമചന്ദ്രൻ നായർ | കരിമ്പ് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് | കൃഷി വകുപ്പുമന്ത്രി |
| 5 | ശ്രീ. കാരാട്ട് റസാഖ് | കൊടുവള്ളി ഉപജില്ല വിദ്യാഭ്യാസ ഓഫീസിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

മേശപ്പുറത്തുവച്ച കടലാസുകൾ:

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വച്ചു:

ചട്ടം 47(2) പ്രകാരം:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 2990-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 1437, 1527, 1528, 2951 ,പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2365, 2388 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

റിപ്പോർട്ട് സമർപ്പണം:

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

1. കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട്
2. സബ്ജക്റ്റ് കമ്മിറ്റി I-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്
3. സബ്ജക്റ്റ് കമ്മിറ്റി I-ന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

റിപ്പോർട്ട് പരിഗണന:

കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

അനൗദ്യോഗികാംഗങ്ങളുടെ കാര്യം:

1. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

2. (1) ശ്രീ. എൻ. ഷംസുദ്ദീൻ, 2016 ലെ കേരള അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വേതനം നിശ്ചയിക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഹ്രസ്വമായ ഒരു പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

(2) ശ്രീ. അൻവർ സാദത്ത് 2016 ലെ കേരള സംസ്ഥാന ശുചീകരണ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഹ്രസ്വമായ ഒരു പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

(3) ശ്രീ. കെ.വി. വിജയദാസ് 2016-ലെ കേരള സംസ്ഥാന പട്ടികവർഗ്ഗ ഉപജീവനമിഷൻ രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഹ്രസ്വമായ ഒരു പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

(4) ശ്രീ. ഹൈബി ഈഡൻ 2016-ലെ നല്ല ശമരിയാക്കാരൻ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഹ്രസ്വമായ ഒരു പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

(5) ശ്രീ. ആർ. രാജേഷ് 2016-ലെ കേരള ശുദ്ധജലാവകാശ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഹ്രസ്വമായ ഒരു പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

2016 ഒക്ടോബർ 24 ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും ചേരുന്നതിനായി ഉച്ചയ്ക്കുശേഷം 12.30-ന് സഭ പിരിഞ്ഞു.

വി.കെ. ബാബുപ്രകാശ്,

*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Second Session**

# BULLETIN—PART I

(Brief Record of proceedings)

*Friday, October 21, 2016*

**No.28**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Three questions in the list of questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister of Finance and Coir, the Speaker withheld consent to the moving of an adjournment motion given notice of by Shri V. D. Satheesan and two other Members regarding the situation reported to have arisen consequent on the reported pervasive gambling activities in many parts of the State based on Kerala State lottery draw result which would open way for the lottery Mafia to the State.

*Calling Attention:*

(1) Shri John Fernandez called the attention of the Minister for Welfare of Scheduled Castes, Schedule Tribes, Backward Classes, Law Culture and Parliamentary Affairs to the backwardness reportedly being faced by the Anglo-Indian Community in the State. The Minister made a statement thereto.

(2) Shri Eldhose Kunnappilly called the attention of the Minister of Water Resources to the necessity to take preparatory measures to tackle the scarcity of drinking water likely to be faced by the state. The Minister made a statement thereto.

KNPP.11/2017(ii).

*The matters raised under Rule 304:*

The matters raised by Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. രമേശ് ചെന്നിത്തല | കുട്ടനാടൻ പാടശേഖരങ്ങളിലെ മുഞ്ഞരോഗബാധയും കരിനില മേഖലകളിലെ ഇലപ്പുള്ളി രോഗവും സംബന്ധിച്ച് | കൃഷി വകുപ്പുമന്ത്രി |
| 2 | ശ്രീമതി പി. അയിഷാ പോറ്റി | കുടിവെള്ള പദ്ധതികൾ കൂടുതൽ പ്രവർത്തനക്ഷമമാക്കുന്നത് സംബന്ധിച്ച് | ജലവിഭവ വകുപ്പുമന്ത്രി |
| 3 | ശ്രീ. വി.പി. സജീന്ദ്രൻ | പെരിയാർ വാലി കനാലിൽ വെള്ളം തുറന്നു വിടുന്നത് സംബന്ധിച്ച് | ജലവിഭവ വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ.കെ. രാമചന്ദ്രൻ നായർ | കരിമ്പ് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് | കൃഷി വകുപ്പുമന്ത്രി |
| 5 | ശ്രീ. കാരാട്ട് റസാഖ് | കൊടുവള്ളി ഉപജില്ല വിദ്യാഭ്യാസ ഓഫീസിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

The Ministers concerned made statements thereto.

*Papers laid on the Table:*

The following papers were laid on the Table:

*As per Rule 47(2):*

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 2990-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 1437, 1527, 1528, 2951, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2365, 2388 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

*Presentation of Reports:*

The following Reports were presented:

1. The Third Report of the Business Advisory Committee.

2. The Periodical Report of Subject Committee I as on 31[ST] March ,2016.

3. The Report of the Subject Committee I on the action taken on the recommendations contained in the Fifth Report on the scrutiny of Demands for Grants for the financial year 2015-2016.

*Consideration of Report:*

The Third Report of the Business advisory Committee was adopted by the House.

*Private Members' Business:*

1. The Second Report of the Committee on Private Members' Bills and Resolutions was adopted by the House.

2. (1) Shri N. Samsudheen moved a motion for leave to introduce 'The Fixation of Wages of Teaching and Non-Teaching Staff of unaided Educational Institutions in the Kerala Bill, 2016'. Since the motion was opposed, the mover was allowed to make a brief statement. The Statement was inconclusive.

(2) Shri Anwar Sadath moved a motion for leave to introduce 'The Constitution of Kerala Sanitary Workers Welfare Fund Board Bill, 2016'. Since the motion was opposed the mover was allowed to make a brief statement. The statement was inconclusive.

(3) Shri K. V. Vijayadas moved a motion for leave to introduce "The Formation of Kerala State Scheduled Tribes Livelihood Mission Bill, 2016. Since the motion was opposed the mover was allowed to make a brief statement. The statement was inconclusive.'

(4) Shri Hibi Eden moved a motion for leave to introduce " The Good Samaritan Bill, 2016" . Since the motion was opposed the mover was allowed to make a brief statement, The statement was inconclusive.

(5) Shri R. Rajesh moved a motion for leave to introduce " The Kerala Right to Pure Water Bill, 2016" . Since the motion was opposed, the member was allowed to make a brief statement. The statement was inconclusive.

The House adjourned at 12.30 p.m. to meet again at 8.30 a.m. on Monday, October 24, 2016.

V.K. BABU PRAKASH,
*Secretary.*